**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4505** **06-03-2023 - ൽ മറുപടിയ്ക്ക്**

**സഹകരണ ബാങ്കുകളുടെ സഹായത്തോടെ പൊക്കാളി നെല്ല് സംഭരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ** | | **ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി)** | |
| (എ) | വൈപ്പിൻ നിയോജക മണ്ഡലത്തിൽ ഇടപ്പള്ളി ബ്ലോക്കിന് കീഴിൽ കടമക്കുടി ഗ്രാമപഞ്ചായത്തിലെ 110 ഹെക്ടറോളം സ്ഥലത്ത് 2022-23 വർഷത്തിൽ ഉത്പാദിപ്പിച്ച 1400 ക്വിന്റലോളമുള്ള പൊക്കാളി നെല്ല് സഹകരണ ബാങ്കുകളുടെ സഹായത്തോടെ സംഭരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) | എറണാകുളം ജില്ലയിലെ കണയന്നൂർ താലൂക്കിൽ ഉൾപ്പെടുന്ന കടമക്കുടി ഗ്രാമപഞ്ചായത്തിലാണ് പൊക്കാളി നെൽകൃഷി കൂടുതലായി ഉള്ളത്.ഈ പ്രദേശങ്ങൾ പ്രവർത്തന പരിധിയായിട്ടുള്ള കോരമ്പാടം സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ - 178 പൊക്കാളി നെല്ല് സംഭരിച്ച് അരി, പുട്ടുപൊടി മറ്റ് മൂല്യ വർദ്ധിത ഉത്പന്നങ്ങൾ എന്നിവ **ഗ്രാമിക** എന്ന ബ്രാൻഡിൽ മാർക്കറ്റ് ചെയ്ത് വരുന്നു. ബാങ്ക് ഈ വർഷം കർഷകരിൽ നിന്നും കിലോക്ക് 55/- രൂപ നിരക്കിൽ 100 ക്വിന്റൽ നെല്ല് സംഭരിച്ചിട്ടുണ്ട്. ഗോഡൌൺ ഇല്ലാത്തതിനാൽ കൂടുതൽ നെല്ല് സംഭരിക്കുവാൻ നിലവിലെ സാഹചര്യത്തിൽ ബാങ്കിന് സാധിക്കാത്ത അവസ്ഥയാണുള്ളത്.അഗ്രിക്കൾച്ചറൽ ഇൻഫ്രാസ്ട്രക്ചർ ഫണ്ട് പദ്ധതി പ്രകാരം ഗോഡൗൺ നിർമ്മാണത്തിനായി ബാങ്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ഗോഡൗൺ നിർമ്മിക്കുന്നതിലൂടെ സംഭരണ ശേഷി വർദ്ധിപ്പിക്കുവാനും അതുവഴി കൂടുതൽ നെല്ല് സംഭരിക്കുവാനും ബാങ്കിന് സാധിക്കുന്നതാണ്.<br><br>നോർത്ത് പറവൂർ താലൂക്കിലെ പള്ളിയാക്കൽ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 2232, പറവൂർ വടക്കേക്കര സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 3131, വടക്കേക്കര സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 137 എന്നീ ബാങ്കുകൾ സ്വന്തം നിലയിൽ പൊക്കാളി നെൽകൃഷി നടത്തുകയും, കർഷകരിൽ നിന്നും പൊക്കാളി നെല്ല് സംഭരിക്കുകയും ചെയ്യുന്നുണ്ട്. പള്ളിയാക്കൽ സർവ്വീസ് സഹകരണ ബാങ്കിൽ പൊക്കാളി റൈസ് മിൽ പ്രവർത്തനം ആരംഭിച്ചിട്ടുള്ള സാഹചര്യത്തിൽ പൊക്കാളി നെൽ കർഷകർക്ക് നെല്ല് കുത്തി അരി ആക്കുന്നതിനു ഈ മില്ലിന്റെ സേവനം ലഭ്യമാണ്. |

| | | | |
|---|---|---|---|
| (ബി) | ഇത സംബന്ധിച്ച് സഹകരണ വകുപ്പ് മന്ത്രിക്ക് സമർപ്പിച്ചിരുന്നതും തുടർനടപടി സ്വീകരിക്കുവാൻ ഇ-6688993/2022/മിൻ(കൊ-ഓപ്) എന്ന നമ്പരിൽ വകുപ്പ് സെക്രട്ടറിക്ക് കൈമാറിയിരുന്നതുമായ കടമക്കുടി ഗ്രാമപഞ്ചായത്തിന്റെ നിവേദനത്തിന്മേൽ കോ-ഓപ്പറേറ്റീവ് രജിസ്ട്രാറുടെ റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ടിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ഉണ്ട്.റിപ്പോർട്ട് സർക്കാർ പരിശോധിച്ച് വരികയാണ്. |
| (സി) | പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ? | (സി) | അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

RCS/11331/2022- MP(2)

സഹകരണ സംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, തീയതി:06-02-2023

സഹകരണ സംഘം രജിസ്ട്രാർ,
തിരുവനന്തപുരം.

സെക്രട്ടറി,
സഹകരണ (സി) വകുപ്പ്,
ഗവണ്മെന്റ് സെക്രട്ടറിയേറ്റ്,
തിരുവനന്തപുരം.

സർ,

വിഷയം:- സഹകരണ വകുപ്പ് –എറണാകുളം ജില്ലയിലെ കടമക്കുടി പഞ്ചായത്തിലെ പൊക്കാളി നെൽ കർഷകരുടെ നെല്ല് ന്യായ വിലയ്ക്ക് സംഭരിക്കുന്നത് –സംബന്ധിച്ച്.

സൂചന :- 1) സർക്കാരിന്റെ 30.11.2022 തീയതിയിലെ സഹ – സി-2/ 298/2022/സഹ.നം.കത്ത്.
2) കടമക്കുടി ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ബഹു.സഹകരണ മന്ത്രിക്ക് നൽകിയ 06/11/2022 തീയതി നിവേദനം.
3) എറണാകുളം ജോയിന്റ് രജിസ്ട്രാറുടെ 13.01.2023 തീയതിയിലെ എസ്.സി.റ്റി – 2733/22 നമ്പർ കത്ത്.

സൂചനയിലേയ്ക്ക് സർക്കാരിന്റെ പൊക്കാളി കർഷകരുടെ നെല്ല് ന്യായ വിലയ്ക്ക് സംഭരിക്കുന്നത് സംബന്ധിച്ച് സൂചന (1) പ്രകാരം ലഭ്യമായ കടമക്കുടി ഗ്രാമ പഞ്ചായത്ത് പ്രസിഡന്റിന്റെ നിവേദനത്തിന്മേൽ സൂചന (3) പ്രകാരം എറണാകുളം ജോയിന്റ് രജിസ്ട്രാറുടെ മറുപടിയുടെ അടിസ്ഥാനത്തിൽ ചുവടെ പറയും പ്രകാരം റിപ്പോർട്ട് സമർപ്പിക്കുന്നു.

സർക്കാരിന്റെയും, കടമക്കുടി, ഇടപ്പള്ളി ഗ്രാമ ബ്ലോക്ക് പഞ്ചായത്തുകളുടെയും സാമ്പത്തിക സഹായത്താൽ 110 ഹെക്ടറോളം സ്ഥലത്ത് മേൽ പഞ്ചായത്തിൽ പൊക്കാളി നെൽകൃഷി നടന്നുവരുന്നതായും. 1400 ക്വിന്റലോളം നെൽ ഈ വർഷം ഉത്പാദിപ്പിക്കപ്പെട്ടതായും ഒരേക്കർ സ്ഥലത്ത് പൊക്കാളി നെൽകൃഷി നടത്തുവാനുള്ള ചെലവ് ശരാശരി 50,000/- രൂപയാണെന്നും 600-700 കിലോഗ്രാം നെല്ല് ഈ ഒരു ഏക്കറിൽ നിന്നും ശരാശരി ഉത്പാദിപ്പിക്കുന്നതായും ഈ അവസരത്തിൽ കർഷകന് ഒരു കിലോ നെല്ലിന് 60 രൂപയെങ്കിലും ലഭിക്കേണ്ടതുണ്ടെന്നും നിലവിൽ സപ്ലൈക്കോ ഒരു കിലോ നെല്ലിന് 28രൂപ 50 പൈസക്കാണ് സംഭരിക്കുന്നതെന്നും ഈ വില കർഷകന് പര്യാപ്തമല്ലാത്തതായും പൊക്കാളി നെല്ല് കുത്തി അരിയാക്കുവാൻ അവിടുത്തെ കർഷകർ പാലക്കാട് ജില്ലയിലെ മില്ലുകളെയാണ് പ്രധാനമായും ആശ്രയിക്കുന്നതെന്നും എറണാകുളം ജില്ലയിലെ പള്ളിയാക്കൽ സഹകരണ ബാങ്കിലെ മിൽ ഇതിന് പര്യാപ്തമായിരുന്നു എങ്കിലും മിൽ

ഇപ്പോൾ പ്രവർത്തന രഹിതമാണെന്നും ഈ സാഹചര്യത്തിൽ സഹകരണ വകുപ്പിന്റെ നേതൃത്വത്തിൽ സഹകരണ ബാങ്കുകളുടെ ഒരു കൺസോർഷ്യം രൂപീകരിച്ച് പൊതുമേഖലാ സ്ഥാപനങ്ങൾ വഴിയോ മറ്റോ പൊക്കാളി നെല്ല് കിലോയ്ക്ക് 60 രൂപ നിരക്കിൽ സംഭരിക്കണമെന്നും പൊക്കാളി നെല്ല് കുത്തി അരിയാക്കുവാനുള്ള ജില്ലയിലെ മില്ല് പ്രവർത്തനക്ഷമമാക്കുന്നതിനുള്ള ഇടപെടിൽ നടത്തണമെന്നും സൂചന (2) പ്രകാരം കടമക്കുടി ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് അഭ്യർത്ഥിച്ചിരുന്നു.

എറണാകുളം ജില്ലയിലെ കണയന്നൂർ നോർത്ത് പറവൂർ, കൊച്ചി എന്നീ താലൂക്കുകളിലെ പ്രദേശങ്ങളിലാണ് പൊക്കാളി നെൽകൃഷി നടത്തി വരുന്നത്. ഇതിൽ തന്നെ കണയന്നൂർ താലൂക്കിലെ കടമക്കുടി ഗ്രാമപഞ്ചായത്തിലാണ് പൊക്കാളി നെൽകൃഷി കൂടുതലായി നടത്തിവരുന്നത്. ഈ പ്രദേശങ്ങൾ പ്രവർത്തന പരിധിയായി പ്രവർത്തിച്ച് വരുന്ന കോരമ്പാടം സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ - 178 കഴിഞ്ഞ വർഷങ്ങളിൽ ഈ നെല്ല് സംഭരിച്ചിരുന്നു. സർക്കാരിന്റെയും പഞ്ചായത്തിന്റെയും ഇടപെടൽ മൂലം പൊക്കാളി നെൽകൃഷി ഈ വർഷം കൂടുകയും ഉത്പാദനം വൻതോതിൽ ഉയരുകയും ചെയ്തിട്ടുണ്ട്. കോരമ്പാടം എസ്.സി.ബി. നെല്ല് സംഭരിച്ച് അരി, പച്ചരി, പുട്ടുപൊടി മറ്റ് ഉത്പന്നങ്ങൾ എന്നിവ ഗ്രാമിക എന്ന ബ്രാൻഡിൽ മാർക്കറ്റ് ചെയ്ത് വരുന്നു. കർഷകരിൽ നിന്നും ഇവർ സംഭരിക്കുന്ന നെല്ല് പാലക്കാട് കൊണ്ടു പോയി അരിയാക്കുകയാണ് ഇപ്പോൾ ചെയ്യുന്നത്. ഈ വർഷം കർഷകരിൽ നിന്നും 55/- രൂപ വിലയിൽ 100 ക്വിന്റൽ നെല്ല് കോരമ്പാടം എസ്.സി.ബി." സംഭരിച്ചിട്ടുണ്ട്. ബാങ്കിന്റെ നെൽസംഭരണ ശേഷി നിലവിലെ നെല്ല് ഉത്പാദനവുമായി താരതമ്യപ്പെടുത്തുമ്പോൾ കുറവാണ്. അതിനാൽ നെല്ല് ഘട്ടം ഘട്ടമായി മാത്രമേ ബാങ്കിന് സംഭരിക്കുവാൻ സാധിക്കുകയുള്ളൂ. സർക്കാർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന അഗ്രിക്കൾച്ചറൽ ഇൻഫ്രാസ്ട്രക്ചർ ഫണ്ട് പദ്ധതി പ്രകാരം ഗോഡൗൺ നിർമ്മാണത്തിനായി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. എറണാകുളം ജില്ലയിലെ പറവൂർ താലൂക്കിലെ പള്ളിയാക്കൽ സർവ്വീസ് സഹകരണ ബാങ്ക്, പറവൂർ വടക്കേക്കര സർവ്വീസ് സഹകരണ ബാങ്ക്, വടക്കേക്കര സർവ്വീസ് സഹകരണ ബാങ്ക് എന്നീ സംഘങ്ങൾ സ്വന്തം നിലയിൽ പൊക്കാളി നെൽകൃഷി നടത്തുകയും, പൊക്കാളി നെൽ കർഷകരിൽ നിന്നും നെല്ല് സംഭരിക്കുകയും ചെയ്യുന്നുണ്ട്. പള്ളിയാക്കൽ സർവ്വീസ് സഹകരണ ബാങ്ക് പൊക്കാളി റൈസ് മിൽ ആരംഭിച്ചിട്ടുണ്ട്. പൊക്കാളി നെൽ കർഷകർക്ക് സ്വന്തം നിലയിൽ ഇവിടെ നിന്നും നെല്ല് കുത്തി അരിയാക്കാവുന്നതാണ്. പള്ളിയാക്കൽ സർവ്വീസ് സഹകരണ ബാങ്ക് പൊക്കാളി നെൽ ഉത്പന്നങ്ങൾ കോപ്മാർട്ട് വഴിയാണ് വിതരണം നടത്തുന്നത് പൊക്കാളി കൃഷിയുടെ ചെലവ് ഉയർന്നതാകെയാൽ കർഷകർക്ക് മേൽ കൃഷിയിലുള്ള താത്പര്യം കുറയുന്നു. ഇത് ഒഴിവാക്കുന്നത് നെല്ലിന് അടിസ്ഥാന വിലനിശ്ചയിച്ച് സപ്ലൈക്കോവഴി സംഭരിക്കാവുന്നതാണ്. പൊക്കാളി നെൽകൃഷി നടത്തുന്ന പ്രദേശങ്ങളിലെ സഹകരണ സംഘങ്ങളുടെ ഒരു കൺസോർഷ്യം രൂപീകരിച്ച് അരി സംഭരണം നടത്താൻ സർക്കാരന് നിർദ്ദേശിക്കാവുന്നതാണ്. ഇപ്രകാരം കൺസോർഷ്യം രൂപീകരിക്കുവാൻ സഹകരണ സ്ഥാപനങ്ങൾക്ക് താത്പര്യമുള്ളതായി ബോധ്യപ്പെട്ടിട്ടുണ്ട്. ഇപ്രകാരം സഹകരണ സംഘങ്ങളുടെ കൺസോർഷ്യം സപ്ലൈകോ,

കൺസ്യൂമർഫെഡറേഷൻ, കോപ്മാർട്ട് എന്നിവിടങ്ങളിലൂടെ പൊക്കാളി നെൽ സംഭരണം നടത്താവുന്നതാണ്. ഇത് പൊക്കാളി നെൽ കർഷകർക്ക് ആശ്വാസമാകുമെന്നും നെൽ ഉത്പാദനം വർദ്ധിക്കുമെന്നും ഇതിനാൽ റിപ്പോർട്ട് ചെയ്യുന്നു .

വിശ്വസ്തതയോടെ,

ഒപ്പ്

സഹകരണ സംഘം രജിസ്ട്രാർ

//ആജ്ഞാനുസരണം//

ജോയിന്റ് രജിസ്ട്രാർ (മാർക്കറ്റിംഗ്)

സെക്ഷൻ ഓഫീസർ